പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2199 07.12.2015 ൽ മറുപടിക്ക്

## സർവ്വീസ് നടത്താൻ യോഗ്യമായ ബോട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി.മമ്മൂട്ടി :** | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്താൻ യോഗ്യമായ എത്ര ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ പഴക്കം എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | 51 സർവ്വീസ് ബോട്ടുകളും രണ്ട് സ്പെയർ ബോട്ടുകളും ഉൾപ്പെടെ വകുപ്പിന് കീഴിൽ നിലവിൽ സർവ്വീസ് യോഗ്യമായ 53 ബോട്ടുകളുണ്ട്. ഇവയിൽ 37 സ്റ്റീൽ ബോട്ടുകൾ 15 വർഷത്തിനു താഴെ മാത്രം പഴക്കം ചെന്നവയും 16 തടി ബോട്ടുകൾ 10 വർഷത്തിനും 39 വർഷത്തിനും ഇടയിൽ പഴക്കമുള്ളതുമാണ്. |
| (ബി) | സർവ്വീസ് നടത്താൻ യോഗ്യമല്ലാത്ത എത്ര ബോട്ടുകൾ നിലവിലുണ്ട്; അവ കയ്യൊഴിയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സർവ്വീസ് യോഗ്യമല്ലാത്ത ബോട്ടുകളിൽ മൈനർ/മേജർ റിപ്പയർ പണികൾ ആവശ്യമായവ വകുപ്പിന്റെ യാർഡുകളിൽ പണികൾ നടത്തി വരുന്നു. സർവ്വീസ് യോഗ്യമല്ലാത്ത 10 ഫൈബർ ബോട്ടുകൾ നീക്കം ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഒരു മാസത്തെ ശരാശരി കളക്ഷനും, ചെലവും എത്രയാണ്; | (സി) | ഒരു മാസത്തെ ശരാശരി വരവ് 63,30,000/- (അറുപത്തി മൂന്ന് ലക്ഷത്തി മുപ്പതിനായരം രൂപ മാത്രം) രൂപയും ചെലവ് 3,96,00,000/- (മൂന്ന് കോടി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുമാണ്. |
| (ഡി) | പുതിയ ബോട്ടുകൾ വാങ്ങി സർവ്വീസ് കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കമേറിയ തടി ബോട്ടുകൾ പിൻവലിച്ച് പുതിയ സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ഏകദേശം നാൽപ്പത്തി അഞ്ചോളം സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഇവയിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ടുകളും ടൂ വീലർ കാര്യർ ബോട്ടുകളും ഉൾപ്പെടുന്നു. ഇന്ത്യയിൽ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനായി ഒരു സോളാർ ബോട്ടിനു സർക്കാർ അനുമതി നൽകുകയും ആയതിന്റെ നിർമ്മാണം പുരോഗമിച്ചു വരുകയുമാണ്. കൂടുതൽ സുരക്ഷിതമായ ജലഗതാഗതം ഉറപ്പു വരുത്തുന്നതിലേക്കായി നിലവിലെ ബോട്ടുകൾ |

| | | | |
|---|---|---|---|
| | | | കൂടുതൽ സാങ്കേതിക മികവാർന്ന സുരക്ഷിതമായ കറ്റാമരൻ ബോട്ടുകളായി പുന സ്ഥാപിക്കുന്നതിലേക്കായി ബോട്ടുകൾ വാങ്ങുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ